TB Movie Panel Weekly Review

**#MoviePanel**

കടുവ

Written By: Arjun Anand

മലയാളത്തിൽ മാസ്സ് ആക്ഷൻ സിനിമകളുടെ തലതൊട്ടപ്പൻമാരിൽ ഒരാൾ എന്ന് വിശേഷിപ്പിക്കാവുന്ന സംവിധായകൻ ആണ് ഷാജി കൈലാസ്... ഒരു കാലത്ത് കേരളക്കരയിലെ തീയേറ്ററുകളെ പ്രകമ്പനം കൊള്ളിച്ച മാസ്സ് സിനിമകളിൽ ഭൂരിഭാഗവും ഷാജി കൈലാസിന്റെ വക ആയിരുന്നു... നായക താരങ്ങളെ മാത്രം നോക്കി ആളുകൾ സിനിമയ്ക്ക് കയറിയിരുന്ന ഒരു കാലത്ത് നായകൻ ആരെന്ന് നോക്കാതെ കണ്ണുംപൂട്ടി പ്രേക്ഷകർ ഷാജി കൈലാസ് എന്ന സംവിധായകനെ വിശ്വസിച്ചു സിനിമയ്ക്കു ടിക്കറ്റ് എടുത്തിരുന്നു.. പക്ഷെ പിന്നീട് തന്റെ തിരക്കഥാകൃത്തുക്കളായ രഞ്ജിത്തും രഞ്ജി പണിക്കാരും ഒക്കെ സ്വതന്ത്ര സംവിധായകർ ആയതോടുകൂടി ഷാജി കൈലാസിനു അടിതെറ്റി തുടങ്ങി... വർഷങ്ങൾക്കു ശേഷം മാസ്സ് ചിത്രങ്ങളുടെ അമരക്കാരന് തിരിച്ചു വരവിനുള്ള വഴി ഒരുക്കിയ ചിത്രം ആണ് കടുവ...

തൊണ്ണൂറുകളിലെ പാലായിൽ ആണ് കഥ നടക്കുന്നത്... പാലായിലെ ഒരു പ്രമുഖ പ്ലാന്ററും വ്യാപാരിയും പ്രമാണിയുമായ കടുവാക്കുന്നേൽ കുര്യയച്ചനിൽ കേന്ദ്രീകരിച്ചാണ് സിനിമ മുൻപോട്ടു പോകുന്നത്... തനിക്ക് തെറ്റെന്നു തോന്നുന്നകാര്യങ്ങൾ തുറന്ന് പറയുകയും അതിനെതിരെ പ്രതികരിക്കുക്കയും എതിരാളികൾ എത്ര ശക്തരായാലും നെഞ്ചും വിരിച്ചു നിന്ന് നേരിടുകയും ചെയ്യുന്ന ആളാണ് കുര്യച്ചൻ...ഒരിക്കൽ പള്ളിമുറ്റത്ത് വച്ചുള്ള കുര്യച്ചന്റെ ഒരു പ്രവൃത്തി നാട്ടിലെ തന്നെ മറ്റൊരു പ്രമാണിയും ഐ പി എസ് ഉദ്യോഗസ്ഥനും ആയ ജോസഫ് ചാണ്ടിയെ മാനസികമായി വൃണപ്പെടുത്തുന്നിടത്ത് പ്രശ്നങ്ങൾക്ക് തുടക്കം ആവുന്നു.. പിന്നീടങ്ങോട്ട് കുര്യച്ചനും ജോസഫ് ചാണ്ടിയും തമ്മിൽ ഉള്ള 'അയ്യപ്പനും കോശിയും " കളിയാണ് കടുവയുടെ പ്രമേയം...

കുര്യച്ചനായി പ്രിത്വിരാജിന്റെ തെറ്റില്ലാത്ത പ്രകടനം ആണ് സിനിമയുടെ പ്രധാന ആകർഷണങ്ങളിൽ ഒന്ന്...അച്ചായൻ കഥാപാത്രം ആയതുകൊണ്ട് തന്നെ താന്തോന്നിയിലെ വടക്കൻ വീട്ടിൽ കൊച്ചുകുഞ്ഞും ആയി സാമ്യം തോന്നുമെങ്കിലും കുര്യച്ചനിൽ എത്തുമ്പോൾ കൊച്ചുകുഞ്ഞിനെ അവതരിപ്പിച്ചപ്പോൾ ഉണ്ടായിരുന്ന പോരായ്മകൾ ഒക്കെ ഒരു പരിധി വരെ മറികടക്കുവാൻ പൃഥ്വിരാജിന് കഴിഞ്ഞിട്ടുണ്ട്... ചില രംഗങ്ങളിലെ സംഭാഷണങ്ങൾക്ക് ഒരു അനായാസത അനുഭവപ്പെടുമ്പോൾ മറ്റു ചിലപ്പോൾ പതിവായി പ്രിത്വിക്കു സംഭവിക്കാറുള്ള ഒരു ബലം പിടുത്തം അനുഭവപ്പെടുന്നുണ്ട്...കുര്യച്ചൻ എന്ന കഥാപാത്രത്തെ ഷാജി കൈലാസിന്റെ ഫ്രെയിമുകളിലൂടെ കാണുമ്പോൾ മോഹൻലാലിന്റെ ശൈലിയെ പ്രിത്വി പലയിടത്തും ആവാഹിക്കുവാൻ ശ്രമിച്ചതുപോലെ അനുഭവപ്പെടുമെങ്കിലും ഒട്ടും മുഷിപ്പില്ലാതെ പ്രേക്ഷകന് രസിക്കുന്ന വിധം മനോഹരമായി തന്നെ പ്രിത്വിരാജ് കുര്യച്ചനെ

അവതരിപ്പിച്ചിട്ടുണ്ട്..

ജോസഫ് ചാണ്ടി ആയി എത്തുന്നത് വിവേക് ഒബ്രോയ് ആണ്...മലയാളം ഒട്ടും വഴങ്ങാത്തതുകൊണ്ട് തന്നെ അദ്ദേഹത്തിന്റെ ശരീരചലനങ്ങളിലും ചേഷ്ടകളിലും ഒക്കെ ഒരു കൃത്രിമത്വം മുഴച്ചു നിൽക്കുന്നുണ്ട്... എങ്കിലും വിനീതിന്റെ ശബ്ദവും മോഡുലേഷനും ഒരു പരിധി വരെ ആ കഥാപാത്രത്തെ രക്ഷിച്ചെടുക്കുന്നുണ്ട്...കുര്യച്ചന്റെ ഭാര്യ ടെസ ആയി എത്തിയ സംയുക്തയ്ക്ക് കാര്യമായി ചെയ്യാൻ ഒന്നും ഇല്ലെങ്കിൽ പോലും എല്ലായ്പോഴും യാതൊരു ഭാവവ്യത്യാസവും പ്രേക്ഷകർക്ക് അനുഭവപ്പെടാത്ത വിധം പരമാവധി മോശമാക്കിയിട്ടുണ്ട്... അർജുൻ അശോകൻ, അലെൻസിയർ, ബൈജു, ഷാജോൺ, രാഹുൽ മാധവ്, സീമ, ജനാർദ്ദനൻ തുടങ്ങിയവർ ആണ് മറ്റ് കഥാപാത്രങ്ങളെ അവതരിപ്പിച്ചിരിക്കുന്നത്... സീമയുടെ കഥാപാത്രത്തിന് ശബ്ദം നൽകിയിരിക്കുന്നത് മല്ലിക സുകുമാരൻ ആണ്...ആ കഥാപാത്രത്തിന്റെ ആദ്യ രംഗങ്ങളിൽ മല്ലിക സുകുമാരന്റെ ശബ്ദം കേൾക്കുമ്പോൾ അശരീരി കേൾക്കുന്നത് പോലെ സ്ക്രീനിൽ ആകെ മല്ലികയെ തിരയും.. അത്രത്തോളം ചേർച്ചക്കുറവുണ്ട് ആ കഥാപാത്രത്തിന്റെ ശബ്ദവും രൂപവും തമ്മിൽ... രാഹുൽ മാധവ് അവതരിപ്പിച്ച കഥാപാത്രം പാതിരി ആണെങ്കിലും പൊറിഞ്ചു മറിയം ജോസിലെ കഥാപാത്രത്തിന് അച്ഛൻ പട്ടം കിട്ടി പാലായിലേക്ക് വന്നതുപോലെ തോന്നിപ്പിക്കും...

ഒരു ടെമ്പ്ലേറ്റ് പിന്തുടരുന്ന ചിത്രം എന്ന നിലയിൽ ചില പോരായ്മകൾ ഉണ്ടെന്നുള്ളത് വസ്തുതയാണ്.. എങ്കിൽ പോലും കണ്ടുകൊണ്ടിരിക്കുന്ന പ്രേക്ഷകന് മുഷിപ്പുണ്ടാകാത്ത വിധം വേഗതയോടെ ചിത്രം ഒരുക്കുവാൻ ഷാജി കൈലാസിന് സാധിച്ചിട്ടുണ്ട്... ഷാജി കൈലാസിന്റെ കൈയൊപ്പ് പതിഞ്ഞ ഷോട്ടുകളാലും ഫ്രയിമുകളാലും സമ്പന്നം ആണ് കടുവ ..

മാസ്റ്റേഴ്സ്,ലണ്ടൻ ബ്രിഡ്ജ്, ആദം ജോൺ തുടങ്ങിയ ചിത്രങ്ങളുടെ എഴുത്തുകാരൻ ആയ ജിനു വി എബ്രഹാം ആണ് കടുവയുടെ തിരക്കഥ...
രണ്ടു കഥാപാത്രങ്ങളുടെ ഈഗോ ക്ലാഷിൽ നിന്നും ഉണ്ടാകുന്ന പ്രശ്നങ്ങൾ ആണ് സിനിമയുടെ കഥാതന്തു.. ഡ്രൈവിംഗ് ലൈസെൻസിലും അയ്യപ്പനും കോശിയിലും ഒക്കെ മനോഹരമായി അവതരിപ്പിച്ച ആ ഒരു തീമിനെ അത്രത്തോളം ഫലപ്രദമായി എഴുതി വികസിപ്പിച്ചു പൂർണരൂപത്തിൽ എത്തിക്കുവാൻ അദ്ദേഹത്തിന് സാധിച്ചില്ല എന്ന് നിസംശയം പറയാം..

നായകൻ മാസ്സ് കാണിക്കുന്ന രംഗങ്ങളിൽ ഒക്കെയും കാണഞ്ചിപ്പിക്കുന്ന പ്രകാശം പശ്ചാത്തലത്തിൽ കൊണ്ടുവന്നു വ്യത്യസ്ഥതയ്ക്ക് ശ്രമിക്കുന്നുണ്ടെങ്കിലും അത് പലപ്പോഴും അരോചകമായി അനുഭവപ്പെടുന്നുണ്ട് എന്നൊരു പോരായ്മ ഒഴികെ അഭിനന്ദ് രാമാനുജത്തിന്റെ ക്യാമറകണ്ണിലൂടെ ഉള്ള കാഴ്ചകൾ ചിത്രത്തിന്റെ മൂഡിന് യോജിക്കുന്നത് ആയിരുന്നു...ചില ഇടങ്ങളിൽ ദുർബലമായി പോകുന്ന തിരക്കഥയുടെ പോരായ്മയെ മറികടക്കാനും മാസ്സ് സംഘട്ടന രംഗങ്ങളിൽ പ്രേക്ഷകന് ആവേശം നൽകാനും ജെയ്ക്സ് ബിജോയിയുടെ പശ്ചാത്തല സംഗീതത്തിന് സാധിച്ചിട്ടുണ്ട്... ഒന്നോ രണ്ടോ പാട്ടുകൾ ഒഴിക്കെ മറ്റെല്ലാം കേൾക്കാൻ ഇമ്പം ഇല്ലാത്തതായും ചിത്രത്തിൽ

അനവസരത്തിൽ ഉൾപ്പെടുത്തിയതായും അനുഭവപ്പെടുന്നുണ്ട്..

ചിത്രത്തിൽ ഏറ്റവും കല്ലുകടി ആയി തോന്നിയതും ഒഴിവാക്കാമായിരുന്നതുമായ എന്ന് തോന്നിയ ഒരു രംഗമുണ്ട്... നായക കഥാപാത്രം വില്ലൻ കഥപാത്രത്തിന്റെ ഭിന്നശേഷിക്കാരനായ മകനെ നോട്ടം കൊണ്ട് സൂചിപ്പിച്ചുകൊണ്ട് "മാതാപിതാക്കളുടെ ദുഷ്പ്രവർത്തി ചിലപ്പോഴെങ്കിലും അടുത്ത തലമുറയെ ബാധിക്കും " എന്ന രീതിയിൽ ഉള്ള സംഭാഷണം...ആ രംഗം തീയേറ്ററിൽ കാണുമ്പോൾ അറിയാതെ മുഖം ചുളിഞ്ഞു പോകുന്നുണ്ട്...

ചില്ലറ പോരായ്മകൾ ഉണ്ടെങ്കിലും നാടൻ അടിപടങ്ങൾ ഇഷ്ടപെടുന്നവർക്ക് കുടുംബസമേതം ഒരു വട്ടം കണ്ട് ആസ്വദിക്കാൻ ഉള്ളത് കടുവ ഒരുക്കിവച്ചിട്ടുണ്ട്.... റിയലിസം മാത്രം പോരല്ലോ, വല്ലപ്പോഴും മാസ്സ് ഓഡിയൻസിന്റെ കൂടെ ഉള്ള ആവേശം നിറഞ്ഞ തീയേറ്റർ അനുഭവം തരുന്ന 'സിനിമാറ്റിക് ' സിനിമകളും ഇറങ്ങട്ടെ...